**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

നം.20719/എഫ്.എം.1/2011/തസ്വഭവ തിരുവനന്തപുരം, തീയതി: 09.05.2011

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സഹായം – ഗ്രാമപ്രദേശങ്ങളിൽ ത്രിതല പഞ്ചായത്തുകളുടെ വിഹിതം സമന്വയിപ്പിക്കുന്നത് – സംബന്ധിച്ച്.

സൂചന:-
1. സ.ഉ(എം.എസ്)നം.183/2007/തസ്വഭവ; തീയതി; 24.07.2007.
2. സ.ഉ(എം.എസ്)നം.73/2008/തസ്വഭവ; തീയതി; 13.03.2008.
3. സർക്കുലർ നം.41056/ഡി.എ.1/2009/തസ്വഭവ; തീയതി 18.08.2009.
4. സ.ഉ(സാധാ.)നം.3282/2009/തസ്വഭവ; തീയതി; 10.12.2009.
5. സർക്കുലർ നം.43145/എഫ്.എം.1/2010/തസ്വഭവ; തീയതി 26.07.2010.
6. സർക്കുലർ നം.77737/ എഫ്.എം.1/2010/തസ്വഭവ; തീയതി 01.04.2011.

ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കാവുന്ന ആനുകൂല്യങ്ങൾ സൂചന 1 മുഖേന പുറപ്പെടുവിച്ച മാർഗരേഖയുടെ ഖണ്ഡിക 4.3 പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ഇതിന് തുടർച്ചയായി സൂചന 2, 4 എന്നിവ പ്രകാരം അധിക മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം വ്യക്തമായ മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ചില തദ്ദേശഭരണ സ്ഥാപനങ്ങൾ നിശ്ചിത സഹായങ്ങൾ നൽകുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പാക്കണമെന്ന് സൂചന 3 പ്രകാരം നിർദ്ദേശം നൽകുകയുണ്ടായി.

2. മാർഗരേഖ പ്രകാരമുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള ചെലവുകൾ ഗ്രാമപ്രദേശങ്ങളിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 50:30:20 എന്ന അനുപാതത്തിൽ വഹിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സംയുക്തമായി നടപ്പാക്കുന്നതിന് വേണ്ട ആനുപാതിക വിഹിതം ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ വകയിരുത്താത്ത സ്ഥലങ്ങളിൽ തങ്ങളുടെ വിഹിതം മാത്രമുപയോഗിച്ച് സഹായങ്ങൾ ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തുകൾ നിർബന്ധിതരാകുകയാണ്. ഇങ്ങനെ തങ്ങളുടെ വിഹിതം മാത്രമുപയോഗിച്ച് സഹായങ്ങൾ ലഭ്യമാക്കുന്ന ഗ്രാമപഞ്ചായത്തുകൾ ത്രിതല പഞ്ചായത്തുകളുടെ സംയുക്ത സംരംഭമായി നടപ്പാക്കിയില്ല എന്ന കാരണത്താൽ ഓഡിറ്റ് പരാമർശങ്ങൾക്ക് വിധേയരാകുന്ന സാഹചര്യം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2.1 ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് മാർഗരേഖ പ്രകാരം അനുവദനീയമായ സഹായങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

2.2 നഗരപ്രദേശങ്ങളിൽ ഇതിനുവേണ്ട തുക പൂർണ്ണമായും നഗരസഭകൾ വഹിക്കണം. ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമായി വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടായിരിക്കുമെന്നതുകൊണ്ട് ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ നിശ്ചിത അനുപാതത്തിൽ തുക വകയിരുത്തേണ്ടതും സാമൂഹ്യസുരക്ഷ ഉറപ്പാക്കുക എന്ന ചുമതല നിറവേറ്റുന്നതിൽ പങ്കാളികളാകേണ്ടതുമാണ്. വാർഷിക പദ്ധതി രൂപീകരണത്തിന് മുമ്പ് ത്രിതല പഞ്ചായത്തുകൾ തമ്മിൽ കൂടിയാലോചിച്ചായിരിക്കണം തുക വകയിരുത്തേണ്ടത്. ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കൂടിയാലോചനാ യോഗം സംഘടിപ്പിക്കേണ്ടതാണ്.

2.3 ഒരു ഗ്രാമപഞ്ചായത്തിനോ, ബ്ലോക്ക് പഞ്ചായത്തിനോ, ജില്ലാപഞ്ചായത്തിനോ മറ്റ് തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂടാതെ സ്വന്തം വിഹിതം മാത്രമുപയോഗിച്ച് നടപ്പാക്കാൻ കഴിയുമെങ്കിലോ അതല്ലെങ്കിൽ രണ്ട് തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിച്ച് നടപ്പാക്കാൻ കഴിയുമെങ്കിലോ ആ രീതിയിൽ നടപ്പാക്കാവുന്നതാണ്. ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വിളിച്ചുചേർക്കുന്ന യോഗത്തിൽ വച്ച് ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കണം.

2.4 ഗ്രാമപഞ്ചായത്തുകളുടെ വിഹിതം ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ മുഖേന മാത്രമെ പ്രോജക്ട് നടപ്പാക്കാൻ പാടുള്ളൂ. ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറണം. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ വിഹിതം കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം മാത്രമുപയോഗിച്ചോ ജില്ലാപഞ്ചായത്തിന്റെ വിഹിതം

മാത്രമുപയോഗിച്ചോ നടപ്പാക്കുന്നതിനാണ് പ്രോജക്ട് ആവിഷ്കരിക്കുന്നതെങ്കിൽ ബന്ധപ്പെട്ട ബ്ലോക്ക്/ജില്ലാപഞ്ചായത്തിന് പ്രോജക്ട് നേരിട്ട് നടപ്പാക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തുകളുടെ വിഹിതം കൂടാതെ ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളുടെ സംയുക്ത സംരംഭമായാണ് അവിഷ്കരിക്കുന്നതെങ്കിൽ ബ്ലോക്ക് പഞ്ചായത്ത് മുഖേന പ്രോജക്ട് നേരിട്ട് നടപ്പാക്കാവു ന്നതാണ്.

2.5 എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലെയും അർഹരായവർക്ക് സഹായങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വന്തമായോ സംയുക്തമായോ പ്രോജക്ടുകൾ ഏറ്റെടുക്കുന്നുണ്ടെന്ന് ജില്ലാ ആസൂത്രണ സമിതികൾ ഉറപ്പാക്കേണ്ടതാണ്. ഗ്രാമപ്രദേശങ്ങളിൽ സേവന ഇരട്ടിപ്പ് ഉണ്ടാകുന്നില്ലെന്ന് ജില്ലാ ആസൂത്രണ സമിതിയും ത്രിതല പഞ്ചായത്തുകളും ഉറപ്പാക്കേണ്ടതാണ്.

2.6 മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ വികസനം ലക്ഷ്യമിട്ട് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ബഡ്സ് സ്കൂളുകളുടെ, സൂചന 5, 6 എന്നിവ പ്രകാരം അനുവദനീയമായ ചെലവുകൾ വഹിക്കുന്നതിനും ഈ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഗ്രാമപ്രദേശങ്ങളിൽ ബഡ്സ് സ്കൂളുകളുടെ പ്രവർത്തന ചെലവുകൾ കഴിവതും ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ 50:30:20 എന്ന അനുപാതത്തിൽ തന്നെ വഹിക്കേണ്ടതാണ്.

**എസ്.എം.വിജയാനന്ദ്**
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
8. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
9. ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
10. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
11. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
12. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
13. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
14. ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
16. എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
17. എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
21. എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
22. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
23. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
24. ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
25. സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
26. സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
27. സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
28. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
29. ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ ഡി.ബി/ഡി.സി/ഡി.ഡി സെക്ഷനുകൾക്ക്